(ബി) പ്രസ്തുത കേസ്സുകളിൽ ഇനിയും എത്ര പ്രതികളെ കണ്ടെത്താനുണ്ട് :

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടുവെന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കള്ളനോട്ട് തടയുവാൻ നടപടി

21(226) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കള്ളനോട്ട് വ്യാപകമായി പ്രചരിക്കുന്നതു തടയാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാന ട്രഷറിയിൽനിന്നും കൊടുത്ത നോട്ടിൽ പോലും കള്ളനോട്ട് കണ്ടെത്തിയതായുള്ള സംഭവം ഉണ്ടായിട്ടുണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ സ്വീകരിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) കള്ളനോട്ടു കേസ്സുകൾ അന്വേഷിക്കുന്നതിനായി സിബിസിഐഡി-യിൽ ഓർഗനൈസ്ഡ് ക്രൈം വിംഗ് രൂപീകരിച്ച് കേസ്സുകൾ അന്വേഷിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം 663/2008-നമ്പർ ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിനായി സി.ബി.സി.ഐ.ഡി-ക്ക് കൈമാറിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നിരീക്ഷണവും പരിശോധനകളും നടത്തിവരുന്നു.

കസ്റ്റഡി മരണങ്ങൾ

22(227) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര കസ്റ്റഡി മരണം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കസ്റ്റഡി മർദ്ദനവും മരണവും സംബന്ധിച്ച് എത്ര പരാതികളിന്മേൽ അന്വേഷണം നടത്തിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം കേസ്സുകളിൽ എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 12 പോലീസ് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) കസ്റ്റഡി മർദ്ദനവും മരണവും സംബന്ധിച്ച് 33 പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഇത്തരം കേസുകളിൽ വിവിധ ജില്ലകളിലായി 26 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദുരൂഹസാഹചര്യത്തിലുള്ള മരണങ്ങളും തിരോധാനങ്ങളും

23(228) ശ്രീ ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഇതുവരെ എത്ര ദുരൂഹസാഹചര്യത്തിലുള്ള മരണങ്ങളും തിരോധാനങ്ങളും ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ എത്ര കേസുകൾ റഫർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത കേസുകളിൽ പുനരന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

2007-2010 കാലയളവിൽ നടന്ന കൊലപാതകങ്ങൾ

24(229) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര പേർ കൊല്ലപ്പെട്ടു ;

LIBRARY ARCHIVES Kerala Legislative Assembly